■ കെ. കെ. കുഞ്ഞാലി മുസ്ല്യാർ ചേലക്കാട്

ചരിത്രം

നമ്മുടെ ഇമാമുകൾ

# ശൈഖ് ഇബ്നുഅറബി(റ)



**വി**ശ്വപ്രസിദ്ധ വലിയ്യാണ് ശൈഖ് ഇബ്നു അറബി(റ). അറബിയ്യ്മകൻ മുഹമ്മദ്മകൻ അലിയ്യ്മകൻ എന്നയാൾ. അബൂബക്ർ എന്ന് ഉപനാമം. മുഹ്യിദ്ദീൻ സ്ഥാനപ്പേർ. ഹിജ്റ 560 റമളാനിൽ സ്പെയിനിന്റെ കിഴക്ക് പ്രവിശ്യയായ മുർസിയ്യയിലാണു ജനനം. ഏതോ രാജസദസ്സിൽ ലഭിച്ച ഉദ്യോഗത്തിൽ ഏർപ്പെടുകയായിരുന്നു അദ്ദേഹമാദ്യം. അതിന്നിടയിലാണ് ഇങ്ങനെ ജീവിച്ചാൽ പോരെന്നും അല്ലാഹുവിനെ അറിയാൻ പുറപ്പെട്ടുകൊള്ളണമെന്നുമുള്ള ഒരു ഉൾവിളി അദ്ദേഹത്തിന്റെ മനസ്സിൽ തട്ടിയത്. ഉടനെ അവിടെ നിന്നും പുറപ്പെട്ടുതുടങ്ങുന്നതാണ് ലക്ഷ്യസ്ഥാനത്തേക്കെത്താനുള്ള മഹാനരുടെ യാത്ര. ശാം, റോം, ബഗ്ദാദ്, മിസ്ർ, ഹിജാസ് തുടങ്ങിയ രാജ്യങ്ങളിലെല്ലാം യാത്രചെയ്തുകൊണ്ടാണ് പലവിധ വിജ്ഞാനങ്ങളും കരസ്ഥമാക്കിയത്. നിരവധി ഗുരുവര്യന്മാർ അദ്ദേഹത്തിനുണ്ട്.

ശരീഅത്തിന്റെ ളാഹിർ, ബാത്വിൻ എന്നീ രണ്ട് ഇൽമിലുംശൈഖവർകൾ സമുദ്രസമാനനാണ്. ആത്മീയ ജ്ഞാനത്തിൽ കൂടുതൽ ശ്രദ്ധയും തദ്വിഷയത്തിൽ കൂടുതൽ മൊഴികളും ഗ്രന്ഥരചനയുമെല്ലാമായപ്പോൾ ആത്മജ്ഞാനികളുടെ നേതാവും വലിയ്യും ആരിഫും അശ്ശൈഖുൽ അക്ബർ എന്നും മറ്റും പിറകിൽ വന്നവർ വാഴ്ത്തുന്ന മഹാമനീഷിയായാണ് ഇബ്നുഅറബി വിശ്രുതനായത്. അല്ലാഹുവിനെ അറിയാനും അവന്റെ അസ്തിത്വവും ഉൺമയും കഴിവതു മനസ്സിലാക്കാനും ആത്മീയ യാത്ര നടത്തുന്ന മഹാനരിൽ നിന്ന് മറ്റു ചില സൂഫിയാക്കളിൽ നിന്നു സംഭവിച്ചതുപോലുള്ള ദുർഗ്രാഹ്യമായ ചില മൊഴികൾ വന്നതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. സ്രഷ്ടാവും സൃഷ്ടിയും ഒന്നാണെന്നോ സൃഷ്ടിയിൽ അല്ലാഹു അവതരിക്കുകയാണെന്നോ (ഹുലൂൽ-ഇത്തിഹാദ്) തോന്നുംവിധം ബാഹ്യമായി വ്യാഖ്യാനിക്കാൻ പറ്റുന്ന വാക്കുകൾ അദ്ദേഹത്തിൽ നിന്നുണ്ടായി എന്നത് ശരിയാണെങ്കിൽതന്നെ അതിനു യോജ്യമാംവിധം അർത്ഥകല്പന നല്കി പണ്ഡിതർ വിശദീകരിച്ചിട്ടുമുണ്ട്. ഇതുകൊണ്ടൊന്നും മഹാനരുടെ അഖീദക്ക് തകരാറുണ്ടെന്നു വരുത്തിത്തീർക്കാൻ പറ്റില്ല. ശരിക്കും ഖുർആനോടും സുന്നത്തോടും യോജിച്ച രീതിയിൽ 'സൃഷ്ടിയായ നിന്റെ മനസ്സിൽ നിരൂപിക്കുന്ന ഒന്നുപോലെയുമല്ല സ്രഷ്ടാവായ അല്ലാഹു' എന്ന് എല്ലാവർക്കും തിരിയുന്ന ഭാഷയിൽ സമർത്ഥിച്ച പണ്ഡിതനാണ് ശൈഖവർകൾ. അദ്ദേഹത്തെ അംഗീകരിച്ചും വലിയ ആരിഫും വലിയ്യുമായി സമ്മതിച്ചും നിരവധി മശാഇഖുമാർ അദ്ദേഹത്തെ പുകഴ്ത്തിയിട്ടുണ്ട്. ഇമാം റാസി, നവവി, ഫൈറൂസാബാദി, സിറാജുദ്ദീൻ മഖ്സൂമീ, ഖുതുബുദ്ദീൻ, യാഫിഈ, സുയൂഥി (റ:ഹും)തുടങ്ങിയ പ്രഗത്ഭർ അവരിൽ ചിലരാണ്. പിൻഗാമികളിൽ ശൈഖ് ശഅ്റാനി(റ)(973) ഇബ്നു അറബിയെ റബ്ബാനിയായ ആരിഫും വലിയ്യുമായി സവിസ്തരം വിവരിച്ചിട്ടുണ്ട്.

ശൈഖ്ഇബ്നുഅറബി നാനൂറിലധികം ഗ്ര ന്ഥങ്ങൾ രചിച്ചവരാണ്. 95 ഭാഗം വരുന്ന വലിയ തഫ്സീർ(അൽകഹ്ഫ് സൂറയിലെ(അ) ഖള്ർ(റ) ചരിത്രസംഭവം വരെയാണ് ഇതുള്ളത്). 8 വാല്യത്തിലായി മറ്റൊരു തഫ്സീറുമുണ്ട്. ശൈഖവർകളുടെ ഗുരുവര്യരെയും രചിച്ച കുറെയധികം കിതാബുകളുടെ പേരും മഹാനർ തന്നെ പറഞ്ഞതായി സയ്യിദ് യൂസുഫ് നബ്ഹാനീ 'ജാമിഉ കറാമാത്തിൽ ഔലിയാ' ഇൽ വിവരിച്ചെഴുതിയിട്ടുണ്ട്. ഇതിൽ പ്രചാരപ്പെട്ടതും ഗുണകാംക്ഷികളായ പണ്ഡിതരുടെ എതിർപ്പിനു വിധേയമായതുമായ ദൈർഘ്യമുള്ളൊരു കിതാബാണ് 'ഫുതൂഹാതുൽ മക്കിയ്യ' എന്നത്. മഹാനർതന്നെ അതിനെക്കുറിച്ചു പറഞ്ഞതിങ്ങനെയാണ്. "ഞാൻ കഅ്ബ ത്വവാഫ് ചെയ്തുകൊണ്ടിരിക്കെയാണ് ഇങ്ങനെയൊരു കിതാബ് രചിക്കാൻ അല്ലാഹു എനിക്കു തോന്നിപ്പിച്ചത്. അതിലെ അദ്ധ്യായത്തിന്റെ ക്രമീകരണം ആലോചിച്ച് എടുത്തതോ സ്വമേധയാ തെരഞ്ഞെടുത്തതോ അല്ല.

ഞാനതിൽ എഴുതിയതു മുഴുവനും ഇൽഹാം തരുന്ന മലക്കു മുഖേന അല്ലാഹു എനിക്കു പറഞ്ഞുതന്നതാണ്.' ഒരു വിഷയം അതിന്റെ മുമ്പും പിമ്പുമായി ബന്ധം ഉണ്ടാവണമെന്നില്ല. ത്വലാഖ്, നികാഹ്, ഇദ്ദ എന്നിവക്കിടയിൽ നിസ്കാരത്തിന്റെ കാര്യം വിശുദ്ധഖുർആനിലുള്ളതുപോലെയാണത്.( ബാഹ്യമായി തമ്മിൽ ബന്ധം കാണില്ലെന്നായിരിക്കാം). എന്റെ രചനകളും സദസ്സിൽ വച്ചുള്ള സംസാരങ്ങളുമെല്ലാം ഖുർആനിന്റെ ഖജാനയിൽ നിന്നാണ്. അറിവിന്റെ താക്കോലും സഹായവും അല്ലാഹു എനിക്കു തന്നിട്ടുണ്ട്.'' ഈ കിതാബ് അൽ ആരിഫുബില്ലാഹി ശൈഖ്ശഅ്റാനി(റ) ചുരുക്കി 'ലവാഖിഹുൽ അസ്റാർ' എന്നു പേർനല്കി. അത് വീണ്ടും ചെറുതാക്കി 'കിബ്രീതുൽ അഹ്മർ' എന്നാക്കി. മഹാനർ പറയുന്നു: ''ഞാൻ ഫുതൂഹാത്ത് സ്വാംശീകരിച്ചെഴുതുമ്പോൾ അതിൽ പറഞ്ഞ ചില ഭാഗങ്ങൾ സുന്നത്തുജമാഅത്തിന്റെ വിശ്വാസത്തിനു നിരക്കുന്നതാണെന്ന് എനിക്കു ബോധ്യം വരാത്തതുകൊണ്ട് ഞാനത് ഒഴിവാക്കി. പിന്നീടൊരിക്കൽ ശരീഫും ആലിമുമായ സ്നേഹിതൻ ശംസുദ്ദീൻ എന്നയാളെ ഞാൻ കണ്ടു. ഞാനീ സംഭവം പറഞ്ഞപ്പോൾ ശൈഖ് ഇബ്നുഅറബിയുടെ കയ്യെഴുത്ത് കിതാബിൽ നിന്ന് അദ്ദേഹം പകർത്തെടുത്ത കോപ്പി എനിക്കു കാണിച്ചു തന്നു. അപ്പോൾ അതിൽ ഞാൻ അറച്ചുനില്ക്കുകയും വിടുകയും ചെയ്ത ഒന്നും കാണാൻ കഴിഞ്ഞില്ല. എനിക്കപ്പോൾ ബോദ്ധ്യപ്പെട്ടു. മിസ്‌റിലുള്ള കോപ്പികൾ മുഴുവൻ ശൈഖിന്റെ പേരിൽ ആരൊക്കെയാ കടത്തിക്കൂട്ടിയതാണെന്ന്. ഇപ്രകാരം അദ്ദേഹത്തിന്റെ 'ഫുസൂസ്' എന്ന ഗ്രന്ഥത്തിലും വന്നിട്ടുണ്ട്. ശൈഖിന്റെ കൈപ്പടയാൽ വഖ്ഫ് ചെയ്തുവെന്ന് എഴുതിവച്ച പകർപ്പ് അദ്ദേഹം കണ്ടുവെന്നും അതു 37 ഭാഗമാണുള്ളതെന്നും എന്നോടു പറഞ്ഞു.''

ശൈഖ് ഇബ്നുഅറബിയെയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ നോക്കുന്നതു സംബന്ധമായും ഇബ്നുഹജറി(റ)നോടു ചോദിക്കപ്പെട്ടതിന്റെ മറുപടി സംക്ഷിപ്തമായി ഇങ്ങനെ വായിക്കാം. മഴയെ തേടുന്നതിൽ മുൻനിറുത്താൻ യോഗ്യരും മഖാമാത്ത്-ഇശാറാത്ത് വിവരിക്കുന്നതിൽ അവലംബമാക്കേണ്ടവരുമായ നമ്മുടെ മശാഇഖുമാരിൽ നിന്ന് കിട്ടിയ വിവരം ശൈഖ് ഇബ്നുഅറബി ആരിഫായ അല്ലാഹുവിന്റെ വലിയ്യും ദീനിന്റെ എല്ലാ ഉലൂമിലും തുടരപ്പെടാൻ പറ്റിയവരുമാണെന്നും അക്കാലത്തെ ഏറ്റവും വലിയ സൂക്ഷ്മശാലിയും ആരാധനകളിൽ കഠിനാധ്വാനം ചെയ്തവരുമാണെന്നുമാണ്. മൂന്നു മാസത്തോളം ചെയ്ത വുളൂഇൻമേൽ നിത്യമായതുൾപ്പെടെ പലതും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. തന്റെ ഫുതൂഹാത്ത് എന്ന ഗ്രന്ഥം കഅ്ബയുടെ മുകളിൽ കൊണ്ടുവച്ചു. ഒരു വർഷം കഴിഞ്ഞ ശേഷമാണ് അതെടുത്തത്. ശക്തമായ കാറ്റുംമഴയും ധാരാളമുണ്ടായിട്ടും അതിന്റെ ഒരു കടലാസിനു പോലും യാതൊരു പോറലുമേറ്റിട്ടില്ലെന്ന ചരിത്ര സത്യം അദ്ദേഹത്തെയും ഗ്രന്ഥത്തെയും അല്ലാഹു സ്വീകരിച്ചുവെന്നതിന്റെ ഏറ്റവും വലിയ തെളിവു തന്നെയാണ്. അതിനാൽ ശൈഖിനെയോ ഗ്രന്ഥത്തെയോ നിഷേധിക്കാൻ ആരും തുനിയരുത്. അത് കൊല്ലുന്ന വിഷമാണെന്നോർക്കണം. നിസ്സാരവല്ക്കരിക്കാൻ ഒരുങ്ങിയ പലരെയും അല്ലാഹു ക്രോധം കൊണ്ട് ഉന്മൂലനാശം വരുത്തിയ കഥ എനിക്കറിയാം. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിന്റെ വിധി ശൈഖിനെ പോലെയുള്ള മഅ്രിഫത്ത്, ഹഖാഇഖ് തുടങ്ങിയ ജ്ഞാനങ്ങളിലും അല്ലാഹുവിൽ നിന്നു ലഭിക്കുന്ന കശ്ഫ്-അറിവുകളിലും ഉന്നത സ്ഥാനത്തെത്തിയവർക്ക് അതാകാവുന്നതാണ്. അവരുടെ സാങ്കേതിക ശബ്ദങ്ങളുടെ ശരിയായ ആശയം മനസ്സിലാക്കാൻ കഴിയാത്തവരൊന്നും ഈ കിതാബുകൾ നോക്കിപ്പിഴക്കരുത്. ബാഹ്യാർത്ഥം വച്ച് അവർ ചിലപ്പോൾ ഇസ്‌ലാമിന്റെ വൃത്തത്തിൽ നിന്ന് പുറത്തുപോകാൻ ഇടവരും. അങ്ങനെ സംഭവിച്ച ചില വിവരദോഷികളെയും എനിക്കറിയാം. ആത്മാവിനെ ശുദ്ധീകരിക്കാനും വളർത്താനും ഉപയുക്തമായ കിതാബുകൾ ശൈഖവർകൾക്കു തന്നെയുണ്ട്. ഇമാം ഗസ്സാലി(റ), അബൂത്വാലിബിൽ മക്കി(റ) തുടങ്ങിയുള്ളവരുടെ ഗ്രന്ഥങ്ങൾ പോലോയാണവ. അത് പഠിക്കുന്നതിനു വിരോധമൊന്നുമില്ല.''

ശൈഖ്തങ്ങൾക്ക് അല്ലാഹുവും സൃഷ്ടിയും ഒന്നാണെന്നും സ്രഷ്ടാവ് സൃഷ്ടിയിൽ അവതരിക്കുമെന്നും മറ്റുമുള്ള വിശ്വാസങ്ങൾ ഉണ്ടെന്നു തോന്നിപ്പിക്കുന്ന രീതിയിലുള്ള ചില ഉദ്ധരണികളുള്ളതുകൊണ്ടാണ് നമ്മുടെ ഫുഖഹാഉം മശാഇഖും പൊതുസമൂഹം പിഴച്ചുപോകരുതെന്ന നല്ല ഉദ്ദേശത്തോടെ ജനങ്ങളെ തടഞ്ഞു നിറുത്തിയത്. സുൽത്വാനുൽഉലമാഅ് ഇബ്നു അബ്ദിസ്സലാം, ഇമാം ബുൽഖീനി തുടങ്ങിയവർ ശൈഖിന്റെ ഗ്രന്ഥങ്ങൾ കരിച്ചുകളയണമെന്നു പറഞ്ഞുവെന്നത് വെറും നുണയാണെന്നാണ് ഇമാം ശഅ്റാനി പറയുന്നത്. ഇമാം സുബ്കി, ബുൽഖീനി എന്നിവർക്ക് ആദ്യം ഇബ്നുഅറബിയുടെ അഭിപ്രായങ്ങളോടു വിയോജിപ്പും എതിർപ്പുമുണ്ടായിരുന്നെങ്കിലും അവരെ യഥാവിധം മനസ്സിലാക്കിയപ്പോൾ അതിൽ നിന്നെല്ലാം അവർ പിന്മാറുകയും മഹാനരെ വല്ലാതെ പുകഴ്ത്തുകയും ചെയ്തിട്ടുണ്ട്. മിൻഹാജിന്റെ ശർഹിൽ ഇമാം സുബ്കി എന്തോ പറഞ്ഞുപോയതിന്റെ പേരിൽ അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും ആഭാഗം വെട്ടുകയും ഏതെങ്കിലും പകർപ്പിൽ അത് പെട്ടുപോയിട്ടുണ്ടെങ്കിൽ കണ്ടവർ അത് ഒഴിവാക്കണമെന്നു പറയുകയും ചെയ്തിട്ടുണ്ട്. മുജസ്സിമത്, റാഫിളത്ത്, ഇബ്നുതീമിയ്യ തുടങ്ങിയവരുടെ വാദങ്ങളെ മുനയൊടിച്ച കെല്പുറ്റ പണ്ഡിതനായ ഇമാം സുബ്കി(റ) ശൈഖ്ഇബ്നുഅറബിയെ ഖണ്ഡിക്കാൻ ഒരു ചെറുകൃതി പോലും രചിച്ചിട്ടില്ല. സൂഫിയ്യത്തിനെ എതിർക്കുന്ന പണി എനിക്കില്ലെന്നാണ് മഹാനർ പറഞ്ഞത്. ഇമാം യാഫിഈ(റ)യോട് ഒരാൾ ഒരു ഖുത്ബായ ആളെ അറിയിച്ചു തരുമോ എന്നു ചോദിച്ചപ്പോൾ അത് ഇബ്നുഅറബിയാണെന്നായിരുന്നു മറുപടി. നിങ്ങൾ അദ്ദേഹത്തെ ആക്ഷേപിച്ചതായി കേട്ടിട്ടുണ്ടല്ലോ



എന്നായി ചോദിച്ചയാൾ. ശർഇന്റെ ളാഹിർ സംരക്ഷിക്കാനായിരുന്നുവെന്ന് ഇമാമിന്റെ ഉത്തരം. മഹാനർ ഉദ്ധരിച്ച ഒരു സംഭവം ഇങ്ങനെ: റബ്ബാനിയായ രണ്ടു മുഹഖിഖുകൾ-ഇമാം സുഹ്റവർദീ(632) ഇമാം ഇബ്നുഅറബീ എന്നിവർ-കണ്ടുമുട്ടി. രണ്ടു പേരും തലതാഴ്ത്തി അല്പനേരം നിന്ന് ഒന്നും പറയാതെ പിരിഞ്ഞു. ശേഷം ഇബ്നുഅറബിയോട് ആരോ ചോദിച്ചു. 'അയാളെപ്പറ്റി നിങ്ങളുടെ അഭിപ്രായം? ''മൂർദ്ധാവ് മുതൽ കാല്പാദം വരെ നബിചര്യകൊണ്ട് നിറയ്ക്കപ്പെട്ട ആൾ.'' ഇബ്നുഅറബിയുടെ പ്രതികരണം. സുഹ്റവർദിയോട് ഇബ്നുഅറബിയെ സംബന്ധിച്ച് ചോദിച്ചതിന് ''അദ്ദേഹം ഹഖാഇഖിന്റെ സമുദ്രം'' എന്നായിരുന്നു ഉത്തരം.

മഹാനരെത്തൊട്ട് അനവധി കറാമത്തുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. മൊത്തം 560 അദ്ധ്യായങ്ങളാണ് ഫുതൂഹാതിൽ ഉള്ളത്. അതിൽ ഹജ്ജിന്റെ ബാബിൽ ശൈഖ്തങ്ങളോട് കഅ്ബയും ഹജറും സംസാരിച്ചുവെന്നും കഅ്ബ തന്നെ ചുറ്റിയെന്നും ഉന്നതപദവിയിലേക്ക് എത്തിച്ചു തരാൻ കഅ്ബ ആവശ്യപ്പെട്ടതായും അങ്ങുമിങ്ങും പദ്യം ചൊല്ലിയതായും ഇമാം ശഅ്റാനി ഉദ്ധരിക്കുന്നു. പത്തു പ്രാവശ്യം ഓരോ ദിവസവും ശൈഖവർകളെ ലഅ്നത്തു ചെയ്യുന്ന ഒരാളുണ്ടായിരുന്നു ഡമാസ്കസിൽ അയാൽ മരിച്ചു. ശൈഖ് അവിടെ ഹാജറായി തിരിച്ചുവന്നു. രാത്രിഭക്ഷണം കൊണ്ടുവന്നപ്പോൾ ഒന്നും കഴിച്ചില്ല. ഖിബ്‌ലക്ക് അഭിമുഖമായി കുറെ നേരം ഇരുന്നശേഷം സന്തോഷവാനായി ഭക്ഷണത്തിന് ആവശ്യപ്പെട്ടു. സംഗതി അന്വേഷിച്ച വീട്ടുകാരോട് അദ്ദേഹം പഞ്ഞതിങ്ങനെ: എന്നെ ശപിക്കുന്ന അയാൾക്ക് അല്ലാഹു പൊറുത്തുകൊടുക്കുന്നതുവരെ ഞാനൊന്നും കഴിക്കുകയില്ലെന്ന് തീരുമാനക്കുകയും എഴുപതിനായിരം തഹ്‌ലീൽ അയാൾക്കുവേണ്ടി ചൊല്ലുകയും ചെയ്തപ്പോൾ അയാൾക്കു പൊറുക്കപ്പെട്ടതായി എനിക്കു വിവരം കിട്ടി. ഇമാം ഗസ്സാലി(റ)യുടെ തദ്‌രീസ്കേന്ദ്രമായിരുന്ന ജാമിഉദ്ദിമശ്ഖിൽ പല പ്രാവശ്യം തബർറുക് ലഭിക്കാൻ പോകാറുണ്ട്. ഒരുദിവസം അവിടത്തെ മുദർരിസ് ഉണ്ടായിരുന്നില്ല. അവിടെയുള്ള പണ്ഡിതർ മുഴുക്കെ ഇന്ന് നിങ്ങൾ ഞങ്ങൾക്കു ക്ലാസ്സെടുക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഞാൻ മാലിക് മദ്ഹബുകാരനാണല്ലോ. എന്നാലും ഇന്നലത്തെ കിതാബ് എന്താണെന്നു ചോദിച്ചു. അവർ ഗസ്സാലിയുടെ വസീതിന്റ ഒരദ്ധ്യായം പറഞ്ഞുകൊടുത്തു. ശൈഖ് ഇത് സവിസ്തരം വിശദീകരിച്ചു പറഞ്ഞുകൊടുത്തപ്പോൾ പങ്കെടുത്ത സർവ്വരും ആശ്ചര്യപ്പെട്ടുകൊണ്ട് ഇതുപോലൊരു വിശകലനം ഞങ്ങൾ ഇതുവരെ കേട്ടിട്ടില്ലെന്നു പറഞ്ഞു.

ശൈഖ് മുത്‌ലഖ് മുജ്തഹിദാണെന്ന്(സ്വതന്ത്ര ഗവേഷകൻ) ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ റാഇയ്യ, നൂനിയ്യ എന്നീ പേരിലുള്ള ചില പദ്യങ്ങളിൽ താൻ ഒരു മുജ്തഹിദാണെന്നു സൂചനയുണ്ട്. അദ്ദേഹത്തിന്റെ മരണശേഷം ദുഷ്ടരിൽ ഒരാൾ വന്ന് ഖബ്‌റിനു മീതെയുള്ള പേടകം കരിച്ചുകളയാൻ തുനിഞ്ഞു. ഉടനെ അയാൾ ഭൂമിയിൽ താഴ്ന്നുപോയി. ഇതു കണ്ടുനിന്ന ശൈഖ് അഹ്മദുൽ ഹലബീ പറയുന്നു: ഞാൻ അയാളുടെ ബന്ധുക്കളോടു വിവരം പറഞ്ഞു. അവർ വന്നു കുഴിച്ചു നോക്കി. തല മാത്രം കണ്ടു. അത് വീണ്ടും താണു പോയി. വീണ്ടും കുഴിച്ചു. അപ്പോഴെല്ലാം തല ആണ്ടിറങ്ങുകയാണ്. അവർ ജോലി മതിയാക്കി മണ്ണിട്ടു മൂടി പിരിഞ്ഞുപോയി. ശൈഖിന്റെ വിജ്ഞാനങ്ങളും നിലപാടുകളും കൂടുതൽ അറിയാൻ 'തൻബീഹുൽ അഗ്ബിയാഅ്' എന്നൊരു ഗ്രന്ഥം ഇമാം ശഅ്റാനി രചിച്ചിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ ത്വബഖാതിൽ പറയുന്നു. തന്റെ 'യവാഖീത്, കിബ്‌രീത്' എന്നീ ഗ്രന്ഥങ്ങളിൽ തന്നെ സൂഫിയാക്കളുടെ മൊഴികളും അതിന്റെ സാരാംശവും അസൂയാലുക്കളുടെയും കടത്തിക്കൂട്ടിയവരുടെയും കഥകളും കറാമത്തു സംബന്ധമായ സംശയങ്ങളും മറുപടിയും മറ്റനേകം ജ്ഞാനങ്ങളും അതിലുണ്ട്.

ചുരുക്കത്തിൽ ഏറിയ അനുകൂലികളും വിമർശകരുമെല്ലാം ശൈഖ് ഇബ്നുഅറബിക്ക് ഉണ്ടായിരുന്നുവെന്നത് ഒരു വസ്തുതയാണ്. മഹാനരുടെ വിജ്ഞാനവും വിലായത്തും പലരും സമ്മതിച്ചതുമാണ്. ഹഖിന്റെ ആളുകൾ മുഴുക്കെ അദ്ദേഹം അല്ലാഹുവിൽ നിന്നു ലഭിക്കുന്ന കശ്ഫിന്റെ ഉടമയാണെന്നും ഹഖാഇഖിന്റെ ഇൽമിൽ സമുദ്രമാണെന്നും തെളിയിച്ചു പറഞ്ഞിട്ടുണ്ട്. പുത്തൻവാദികളും വിവരദോഷികളും മൊത്തം സൂഫി ചിന്തയെയും ആത്മജ്ഞാനികളെയും പരിഹസിക്കുന്നതു നാം തള്ളിക്കളയുക. അപ്രകാരം ശരീഅത്തിന്റെ നിയമങ്ങളിൽ അനിവാര്യമായതു പോലും പഠിക്കാതെ ഹഖാഇഖും നൂറുത്തജല്ലിയും മറ്റും പറഞ്ഞു നടക്കുന്ന തനി ചെറുപ്പക്കാരെയും സൂക്ഷിക്കുക. ശൈഖ് ഇബ്നുഅറബി ഹിജ്റ 638 റബീഉൽ ആഖിർ 22-ന് ഡമാസ്കസിൽ വഫാത്തായി. ഖാസിയൂൻ മലയുടെ അടിഭാഗത്ത് അടക്കപ്പെട്ടു. മഹാനരുടെ ഹഖ്-ജാഹ് കൊണ്ട് അല്ലാഹു നമ്മെ സ്വാലിഹീങ്ങളിൽ പെടുത്തട്ടെ.